**കേരള സർക്കാർ**

തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യു) വകുപ്പ്

നം. തസ്വഭവ-ഇ.ഡബ്ല്യു.3/143/2016-തസ്വഭവ. തിരുവനന്തപുരം, തീയതി, 10/09/2016

**സർക്കുലർ**

വിഷയം:- തസ്വഭവ. - എഞ്ചിനീയറിംഗ് വിഭാഗം - പൊതുമരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനും പ്രവൃത്തി നിർവ്വഹണത്തിനും ബില്ലുകൾ തയ്യാറാക്കുന്നതിനുമുള്ള കാലതാമസം- അവലോകനയോഗം ചേരുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ. ഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2016 ലെ 22-ാം നമ്പർ തീരുമാനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനും, പ്രവൃത്തിനിർവഹണത്തിനും, പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ തയ്യാറാക്കുന്നതിനും കാലതാമസം ഉണ്ടാകുന്നുവെന്ന് പ്രാദേശിക അവലോകനയോഗങ്ങളിൽ പരാതിയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനുമായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ജില്ലയിലെ എഞ്ചിനീയർമാരുടെ പ്രതിമാസ അവലോകനയോഗവും വകുപ്പ് ചീഫ് എഞ്ചിനീയർ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പ്രതിമാസ അവലോകന യോഗവും നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ കൃത്യമായി നൽകണമെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

**വി.ആർ. ദിലിപ്കുമാർ**
അഡീഷണൽ സെക്രട്ടറി.

1. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
2. വകുപ്പിലെ എല്ലാ എഞ്ചിനീയർമാർക്കും (ചീഫ് എഞ്ചിനീയർ മുഖാന്തിരം)
3. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
4. തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്
5. വെബ് & ന്യൂമീഡിയ വിഭാഗം, ഐ&പിആർഡി(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
6. ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.